# ‘ക്വാദ്വീ ക്വുദ്വാത്’ പോലുള്ള നാമകരണങ്ങൾ

അബൂഹുറയ്റﷺവിൽ നിന്നും നിവേദനം. നബിﷺ പറഞ്ഞു:

«إِنَّ أَخْنَعَ اسْمٍ عِنْدَ اللَّهِ رَجُلٌ تَسَمَّى مَلِكَ الأَمْلاَكِ، لاَ مَالِكَ إِلاَّ اللَّهُ».

“‘മലിക്കുൽ അംലാക്ക്’ (രാജാധിരാജൻ) എന്ന പേര് സ്വീകരിക്കുന്ന വ്യക്തിയാണ് അല്ലാഹുവിങ്കൽ ഏറ്റവും അധിക്ഷിപ്തൻ. ‘മാലിക്ക്’ ആയി അല്ലാഹു അല്ലാതെ മറ്റാരുമില്ല. ”(ബുഖാരി)

സുഫ്‌യാൻﷺ പറഞ്ഞു: ശാഹിൻ ശാഹ് (രാജാധിരാജൻ) പേലെയാണിത്.

മറ്റൊരു രിവായത്തിൽ:

«أَغْيَظُ رَجُلٍ عَلَى اللَّهِ يَوْمَ الْقِيَامَةِ, وَأَخْبَثُهُ».

“അല്ലാഹുവിന് അന്ത്യനാളിൽ ഏറ്റവും ദേഷ്യകരമായ വ്യക്തിയും മ്ലേച്ഛനും (ഈ പേര് സ്വീകരിക്കുന്നവനാണ്) എന്നുണ്ട്.” (മുസ്‌ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- ‘മലിക്കുൽ അംലാക്ക്’ എന്നപേരുവെക്കുന്നതിനുള്ള വിരോധം.
- ഈ ആശയത്തിൽ വേറേയും പേരുകൾ ഉണ്ട്. സുഫ്‌യാൻﷺ പറഞ്ഞതുപോലെ.
- ക്വൽബ് ഉദ്ദേശിക്കാതെ ആണെന്ന് ഖണ്ഡിതമായിട്ടും ഇതിലും ഇതുപോലുള്ളതിലും രൂക്ഷത പ്രകടിപ്പിച്ചതിനെക്കുറിച്ച് ബോധമുണ്ടാകൽ.
- ഇത് അല്ലാഹുﷻയെ മഹത്വപ്പെടുത്തുവാനാണ് എന്ന ബോധമുണ്ടാകൽ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**